## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **28.09.2016-ന് മറുപടിയ്ക്ക്**

## വനഭൂമിയിലെ കൈയ്യേറ്റം

**ചോദ്യം**

ശ്രീ. സി. മമ്മൂട്ടി
ശ്രീ. അബ്ദുൽ ഹമീദ്.പി
ശ്രീ. പി.കെ.അബ്ദു റബ്ബ്
ശ്രീ. എൻ. ഷംസുദ്ദീൻ

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനഭൂമിയിലെ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വനപ്രദേശങ്ങളിൽ വനം കൈയ്യേറ്റം ഉണ്ടായാൽ ആയത് കണ്ടെത്തി ഉടനടി ഒഴിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ഈ വിഷയത്തിലുള്ള നയം വൺ എർത്ത് വൺ ലൈഫ് സൊസൈറ്റി, നേച്ചർ ലവേഴ്സ് മൂവ്മെന്റ് എന്നിവർ ഫയൽചെയ്തിട്ടുള്ള ഒ.പി.നമ്പർ 1947/03, 18467/02 എന്നീ കേസ്സുകളിൽ ബഹു. ഹൈക്കോടതിയുടെ 04.09.2015 ലെ വിധിയിൽ 1977 ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 1957 ലെ കേരള ലാന്റ് കൺസർവൻസി ആകട്, 1961 ലെ കേരളാ ഫോറസ്റ്റ് ആക്ട് എന്നിവ അനുസരിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത വനഭൂമി വീണ്ടും കൈയ്യേറുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | വന സംരക്ഷണത്തിന്റെ ഭാഗമായി ഫീൽഡ് വിഭാഗം ജീവനക്കാർ നിരന്തരമായ പട്രോളിംഗ് നടത്തുകയും, സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമായും നടപ്പിലാക്കുന്നുണ്ട് ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നു കയ്യേറ്റം ഒഴിവാക്കിയ സ്ഥലങ്ങളിൽ ഉൾപ്പെടെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം റെയിഞ്ച്, ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയത് സ്ഥാപിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വെ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് മൂന്ന് മാസത്തെ സർവ്വെ പരിശീലനം നൽകിവരുന്നു ഇത്തരത്തിൽ പരിശീലനം നൽകുകയും അവരുടെ സേവനം |

| | | | |
|---|---|---|---|
| | | | ഫലപ്രദമായി ഉപയോഗിക്കുന്നതിനായി കേരള സർവ്വേ ആന്റ് ബൗണ്ടറി റൂൾസ് ഇതിനായി ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിയുടെ കാര്യത്തിൽ വനം വകുപ്പ്, റവന്യൂ വകുപ്പ് എന്നിവ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടോ; | (സി) | വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്ന അതിർത്തിയുടെ കാര്യത്തിൽ ചില സ്ഥലങ്ങളിൽ അവ്യക്തത നിലനിൽക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ തർക്കം ഒഴിവാക്കി അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | അവ്യക്തത നിലനിൽക്കുന്ന സ്ഥലങ്ങളിൽ വനം, റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി അതിർത്തി പുനർനിർണ്ണയം നടത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**